# പൂക്കാലം

*– മഹാകവി കുമാരനാശാൻ*

പൂക്കുന്നിതാമുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവ് പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ!

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു
ഉല്ലാസമീ നീണ്ട കൂകൂരവത്താൽ
എല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ!

പാടങ്ങൾ പൊന്നിൻനിറം പൂണ്ടു നീളേ
പാടിപ്പറന്നെത്തിയീ തത്തയെല്ലാം
കേടറ്റ നെല്ലിൻക്കതിർക്കാമ്പു കൊത്തി
ചൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ!

ചന്തം ധരക്കേറെയായ് ശീതവുംപോ-
യന്തിക്കു പൂംകാവിലാളേറെയായി
സന്തോഷമേറുന്നു ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ വന്നൂ വസന്തം!

പൂക്കുന്നിതാമുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവ് പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ!

http://www.geocities.com/guruforum/pookalam.htm